# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **22.05.2017-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 4992**

## പാഠപുസ്തക വിതരണം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | ശ്രീ.ബി.സത്യൻ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ പുതിയ അക്കാദമിക വർഷത്തേക്കുള്ള പാഠപുസ്തക വിതരണം പൂർത്തിയായോ; | (എ) | 2017-18 അക്കാദമിക വർഷത്തിലേക്ക് 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തക വിതരണം പൂർത്തിയായിവരുന്നു.<br>+1 പാഠപുസ്തക വിതരണം മെയ്മാസം അവസാനപാദത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>+2 പാഠപുസ്തകങ്ങളുടെ വിതരണം ഏകദേശം പൂർത്തിയായിട്ടുണ്ട്. |
| (ബി) | സൗജന്യ യൂണിഫോം വിതരണം ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.<br>1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന സർക്കാർ/എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് മുൻവർഷങ്ങളിലെന്നപോലെ രണ്ട് ജോഡി യൂണിഫോമിന് 400/- രൂപ നിരക്കിൽ നൽകുന്നതിന് 19.05.2017ന് ഉത്തരവ് നൽകിയിട്ടുണ്ട്. 22.05.2017 മുതൽ ഈ തുക സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

യൂണിഫോം വിതരണം 22.05.2017ന് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതും തുടർന്ന് 25.05.2017-ഓടുകൂടി എല്ലാ സ്കൂളുകളിലും യൂണിഫോം വിതരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| (സി) മുൻ സർക്കാരിന്റെ കാലത്തെ പാഠപുസ്തക അഴിമതി സംബന്ധിച്ച കേസ് നിലവിലുണ്ടോ; ഇതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ